5587
30/8/13

# കേരള സർക്കാർ
## സംഗ്രഹം

റവന്യൂ വകുപ്പ് - "ഭൂരഹിതരില്ലാത്ത കേരളം പദ്ധതി –2015" പട്ടികജാതി - പട്ടികവർഗ ഗുണഭോക്താക്കൾക്കുള്ള മുൻഗണന – മാർഗ നിർദ്ദേശങ്ങൾ നൽകി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

=============================================================

## റവന്യൂ(എ) വകുപ്പ്

സ.ഉ. (കൈ.) നം. 337/ 2013 / റവന്യൂ തീയതി, തിരുവനന്തപുരം, 16.08.2013

=============================================================

പരാമർശം : 1. സർക്കാരിന്റെ 09.03.2013- ലെ 20581/എ 2/13/റവ. നമ്പർ കത്ത്.
2. സ്പെഷ്യൽ ഓഫീസർ, ഭൂരഹിതരില്ലാത്ത കേരളം പദ്ധതി- യുടെ 09.07.2013- ലെ എൽ.ആർ.(ജെ)10-15420/2013-2 നമ്പർ കത്ത്.

## ഉത്തരവ്

2015-ാം ആണ്ടോട്ടുകൂടി കേരളത്തെ ഭൂരഹിതരായ കുടുംബങ്ങൾ ഇല്ലാത്ത സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് **"ഭൂരഹിതരില്ലാത്ത കേരളം പദ്ധതി - 2015".** ആദ്യഘട്ടമെന്ന നിലയിൽ 2013 ആഗസ്റ്റ് മാസത്തോടുകൂടി ഒരുലക്ഷം ഭൂരഹിതരായ കുടുംബങ്ങൾക്ക് മൂന്ന് സെന്റ് ഭൂമി വീതം നൽകുവാനുള്ള നടപടികൾ ഇപ്പോൾ സ്വീകരിച്ചുവരികയാണ്. ലഭ്യമായ അപേക്ഷകരിൽ നിന്നും അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ പരാമർശം ഒന്ന് പ്രകാരം പുറപ്പെടുവിച്ചിരുന്നു. ഭൂമിയുടെ ലഭ്യത അനുസരിച്ച് താഴെ വിവരിക്കുന്ന മുൻഗണന പരിഗണിക്കേണ്ടതാണെന്ന് പ്രസ്തുത കത്തിൽ സർക്കാർ നിർദ്ദേശിച്ചിരുന്നു.

- ക്യാൻസർ, ഹൃദ്രോഗം, വൃക്ക രോഗം, തളർവാതം തുടങ്ങിയ മാരകരോഗങ്ങൾ കൊണ്ട് അവശത അനുഭവിക്കുന്ന കുടുംബാംഗങ്ങളുള്ള ഗുണഭോക്താക്കൾ.
- ജോലിചെയ്ത് നിത്യവൃത്തിക്ക് പോലും പണം കണ്ടെത്താൻ കഴിയാത്ത അഗതികളായ ഗുണഭോക്താക്കൾ.
- 50% ത്തിലേറെ അംഗവൈകല്യമുള്ള ഗുണഭോക്താക്കൾ.
- വിധവകൾ, വിവാഹബന്ധം വേർപെടുത്തിയ സ്ത്രീകൾ തുടങ്ങിയ ഗുണഭോക്താക്കൾ
- പതിവ് അനുവദനീയമല്ലാത്ത സർക്കാർ പുറമ്പോക്കുകളിൽ (റോഡ്, തോട്, കുളം) കുടിൽകെട്ടി താമസിച്ചുവരുന്ന ഗുണഭോക്താക്കൾ.

(2) കേരള ഭൂമി പതിവ് ചട്ടം 1964- ലെ റൂൾ 11(3) പ്രകാരം പതിവിനുവേണ്ടി തെരഞ്ഞെടുത്ത് പ്രസിദ്ധീകരിക്കുന്ന ഭൂമികളിൽ വില്ലേജ് അടിസ്ഥാനത്തിൽ 25% ഭൂമി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനായി സംവരണം ചെയ്തിട്ടുണ്ട്. അതുപോലെ, കേരള മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടം 1995- ലെ റൂൾ 6(3) പ്രകാരമുള്ള പതിവ് ലിസ്റ്റിലെ ഭൂമിയിൽ നിന്ന് 25% ഭൂമി പട്ടികജാതി/വർഗ്ഗ വിഭാഗത്തിലുള്ള അപേക്ഷകർക്കായി സംവരണം ചെയ്തിട്ടുണ്ട്.

(3) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015 -ന്റെ ഓരോ ഘട്ട പട്ടയ വിതരണത്തിലും ഗുണഭോക്താക്കളിൽ 25%- ൽ കുറവ് വരാത്ത രീതിയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി നൽകുന്നത് ഉറപ്പാക്കേണ്ടതാണെന്ന് മേൽ പരാമർശം രണ്ട് പ്രകാരം സ്പെഷ്യൽ ഓഫീസർ, ഭൂരഹിതരില്ലാത്ത കേരളം പദ്ധതി അറിയിച്ചിട്ടുണ്ട്.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015 -ന്റെ ഓരോ ഘട്ട പട്ടയ വിതരണത്തിലും ഓരോ വില്ലേജിൽ നിന്നും പരിഗണിക്കപ്പെടുന്ന ആകെ ഗുണഭോക്താക്കളുടെ എണ്ണത്തിൽ നിന്ന് മേൽപ്പറഞ്ഞ മുൻഗണനാക്രമത്തിൽ ഉൾപ്പെട്ടു വരുന്ന അഞ്ച് വിഭാഗക്കാരെ തെരഞ്ഞെടുത്ത ശേഷം അവരിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ 25%- ൽ താഴെയാണെങ്കിൽ, ഓരോ വില്ലേജും ഒരു യൂണിറ്റായെടുത്ത് പരമാവധി 25% തികയ്ക്കാൻ ആവശ്യമായ പട്ടിക ജാതി/വർഗ്ഗ വിഭാഗത്തിലുള്ള ഗുണഭോക്താക്കളെ ബാക്കിയുള്ളവരിൽ നിന്ന് പ്രത്യേകമായി തെരഞ്ഞെടുക്കുന്നതിനും അവശേഷിക്കുന്ന ഗുണഭോക്താക്കളെ പൊതുവിഭാഗമായി പരിഗണിക്കുന്നതിനും ഉത്തരവാകുന്നു.

(5) ജോയിന്റ് കമ്മീഷണർ & സ്പെഷ്യൽ ഓഫീസർ, "ഭൂരഹിതരില്ലാത്ത കേരളം പദ്ധതി-2015" ഇക്കാര്യത്തിൽ സത്വരമായ അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ടി.ജെ. മാത്യു
സെക്രട്ടറി

1. ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
2. ജോയിന്റ് കമ്മീഷണർ & സ്പെഷ്യൽ ഓഫീസർ (സീറോ ലാന്റ് ലെസ് പ്രോജക്ട്), തിരുവനന്തപുരം.
3. ഡയറക്ടർ, സർവ്വേ & ലാന്റ് റിക്കോർഡ്സ്, തിരുവനന്തപുരം.
4. അസിസ്റ്റന്റ് കമ്മീഷ്ണർ (ലാന്റ് അസൈന്റ്മെന്റ്) & സ്പെഷ്യൽ ഓഫീസർ, കേരള സ്റ്റേറ്റ് ലാന്റ് ബാങ്ക്, തിരുവനന്തപുരം.
5. എല്ലാ ജില്ലാ കളക്ടർമാർക്കും.
6. വിവരസാങ്കേതിക വകുപ്പ്.
7. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ